## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2241** — **04.11.2019 - ൽ മറുപടിക്ക്.**

## ഇ-പോസ് സംവിധാനത്തിന്റെ സെർവർ തകരാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.എൻ.എ ഖാദർ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റേഷൻ കരിഞ്ചന്ത തടയാൻ നടപ്പിലാക്കിയ ഇ-പോസ് സംവിധാനത്തിന്റെ പ്രവർത്തനം ഫലപ്രദമാണോ; ഇതിന്റെ സെർവർ ഇടയ്ക്കിടെ തകരാറിലാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഫലപ്രദമാണ്. എന്നാൽ ആധാർ ആതന്റിക്കേഷൻ ചിലപ്പോൾ പരാജയപ്പെടുന്നതായി ഏതാനും പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സെർവർ തകരാറിലായിട്ടില്ല. |
| (ബി) | റേഷൻ കാർഡ് ഉപഭോക്താവിന്റെ വിരലടയാളം രേഖപ്പെടുത്തിയാൽ മാത്രം തുറക്കേണ്ട റേഷൻ വിതരണ പേജ് കടയുടമയുടെ വിരൽ അടയാളം കൊടുത്താൽ പോലും ലഭിക്കുന്നതായുള്ള പരാതികൾ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; സെർവറിന്റെ ഈ പോരായ്മ പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ; | (ബി) | കാർഡുടമയ്ക്ക് പകരം കടയുടമയുടെ വിരലടയാളം പതിക്കുകയാണെങ്കിൽ ആതന്റിക്കേഷൻ പരാജയപ്പെടുകയും മാനുവൽ മോഡിലേക്ക് മാറുകയും ചെയ്യാറുണ്ട്. ഇപ്രകാരമുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. കടയുടമയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സെർവറിന്റെ പോരായ്മ മൂലം അല്ല സംഭവിക്കുന്നത്. കാർഡുടമയുടെ വിരലടയാളം പതിക്കുമ്പോൾ പരാജയപ്പെടുന്നതായി പരാതികൾ ഈയിടെ ലഭിക്കുന്നുണ്ട്. ഈ വിഷയം ആധാർ യൂസർ ഏജൻസിയായ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ പരിശോധിച്ചു വരുന്നുണ്ട്. |
| (സി) | ഇ-പോസ് സംവിധാനം ഏർപ്പെടുത്താൻ എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത തുക ചെലവഴിച്ചിട്ടും ഈ സെർവറിന്റെ പ്രവർത്തനം ഫലപ്രദമല്ലെങ്കിൽ സർക്കാരിനുണ്ടായ നഷ്ടം എങ്ങനെ നികത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ഇ-പോസ് സംവിധാനം ഏർപ്പെടുത്തുവാൻ 54.72 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സെർവറിന്റെ പ്രവർത്തനം ഫലപ്രദമാണ്. |

*സെക്ഷൻ ഓഫീസർ*